കേരള സർക്കാർ

നം. 472/ഐ.എ.1/2017/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 22/12/2017

സർക്കുലർ

വിഷയം: കുടുംബശ്രീ - അഗതി രഹിത കേരളം പദ്ധതി - ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പദ്ധതി രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന: 1. 12/12/2017 ലെ സ.ഉ.(എം.എസ്)നം. 252/2017/തസ്വഭവ നം. ഉത്തരവ്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.12.17 ലെ 8696/എൽ/2017/കെ.എസ്.എച്ച്.ഒ. നം. കത്ത്

സൂചന (1) ലെ ഉത്തരവ് പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും, നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കുടുംബശ്രീ മൊബൈൽ ആപ്ലിക്കേഷനിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കിയ ടി പദ്ധതിയുടെ സർവ്വേ, പ്രകാരം ഗുണഭോക്തൃപട്ടിക അന്തിമമാക്കി പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പൂർത്തീകരിക്കേണ്ട തിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## I. കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ

കുടുംബശ്രീ ജില്ലാമിഷൻ സൂക്ഷ്മപരിശോധന പൂർത്തിയാക്കിയ കരട് ഗുണഭോക്തൃ ലിസ്റ്റ് സിഡിഎസ് ചെയർപേഴ്സൺ പഞ്ചായത്ത് പ്രസിഡന്റിന് രേഖാമൂലം നൽകുകയും ടി പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ, നോട്ടീസ് ബോർഡുകളിലും അംഗൻവാടികളിലും സിഡിഎസ് 05/12/2017 ന് പ്രസിദ്ധീകരിക്കുകയും വേണം.

## II. അപ്പീൽ സമർപ്പിക്കലും പരിശോധനയും

1. കരട് പട്ടികയിന്മേലുള്ള അപ്പീലുകൾ 05/12/17 മുതൽ 09/12/2017 വരെ സിഡിഎസ് ചെയർപേഴ്സൺ കൈപ്പറ്റി ബന്ധപ്പെട്ട വ്യക്തിക്ക് കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. അപ്പീലായി ലഭിച്ച മുഴുവൻ അപേക്ഷകളും 11/12/2017 ന് സിഡിഎസ് ചെയർപേഴ്സൺ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് രേഖാമൂലം കൈമാറേണ്ടതാണ്.

2. പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ, വിഇഒ/എച്ച്.ഐ (നഗരസഭകളിൽ) എന്നിവരുടെ നേതൃത്വത്തിൽ അപ്പീൽ അപേക്ഷകളിൽ പുനഃപരിശോധന നടത്തേണ്ടതും ഓരോ അപ്പീലും അർഹരാണോ/അനർഹരാണോ എനനത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് നൽകേണ്ടതുമാണ്. പുനഃപരിശോധന കാലാവധി **11/12/2017** മുതൽ **15/12/2017** വരെയാണ്. പുനഃപരിശോധനയ്ക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരോടൊപ്പം ടി പ്രദേശത്ത് സർവ്വേയിൽ പങ്കെടുത്ത ആർപിയും നിർബന്ധമായും ഫീൽഡ് സന്ദർശനം നടത്തണം. അപ്പീൽ പരിശോധനയ്ക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച ഒരു ഉത്തരവ് പരിശോധന നടത്തേണ്ട വാർഡ് സഹിതം തദ്ദേശ സ്വയംഭരണ

സ്ഥാപന സെക്രട്ടറി പുറപ്പെടുവിക്കേണ്ടതാണ്. ടി ഉത്തരവിന്റെ ഒരു പകർപ്പ് സിഡിഎസ് ചെയർപേഴ്സണ് നല്കേണ്ടതുമാണ്.

3. അപ്പീൽ പരിശോധന പൂർത്തിയാക്കിയശേഷമുള്ള കരട് ലിസ്റ്റ് 16/12/2017 ന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അപേക്ഷ ശുപാർശ ചെയ്ത വ്യക്തിയുടെ (അയൽക്കൂട്ട സെക്രട്ടറി, എഡിഎസ്, സിഡിഎസ്, വാർഡ് മെമ്പർ, ഉദ്യോഗസ്ഥർ) പേരും തസ്തികയും സഹിതം പട്ടികയിൽ ബന്ധപ്പെട്ട ഗുണഭോക്താവിന്റെ പേരിന് നേരെ എഴുതണം (പട്ടികയിലെ മുഴുവൻ കുടുംബങ്ങളുടെ നേരെയും ഇപ്രകാരം അവരെ കണ്ടെത്തി ശുപാർശ ചെയ്തവരുടെ പേര് രേഖപ്പെടുത്തണം).

## III. ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ

1. തദ്ദേശ ഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയ്ക്ക് ഗ്രാമസഭ/വാർഡ് സഭ അംഗീകാരം നൽകേണ്ടതാണ്. ഇതിലേയ്ക്കായി പ്രത്യേക (അഗതി) ഗ്രാമസഭ/വാർഡ് സഭ 10 ദിവസത്തെ സമയം നൽകി 19/12/2017 ന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വിളിച്ചു ചേർക്കേണ്ടതാണ്. നോട്ടീസിനോടൊപ്പം ബന്ധപ്പെട്ട വാർഡിലെ ഗുണഭോക്തൃ പട്ടികയും വിതരണം ചെയ്യേണ്ടതാണ്.

2. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേക കൗൺസിൽ/കമ്മിറ്റി ചേർന്ന് അന്തിമ പട്ടിക അംഗീകരിക്കേണ്ടതാണ്. കൗൺസിൽ/കമ്മിററി ചേരേണ്ടത് 20/12/2017 മുതൽ 21/12/2017 വരെയാണ്.

3. അന്തിമ ഗുണഭോക്തൃ പട്ടിക **21/12/2017** ന് സിഡിഎസ് ചെയർപേഴ്സൺ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നോട്ടീസ് ബോർഡുകളിലും അംഗൻവാടിയിലും പ്രസിദ്ധീകരിക്കണം.

## IV. അഗതി രഹിത കേരളം പദ്ധതിരേഖ തയ്യാറാക്കൽ നടപടിക്രമങ്ങൾ

### എ. മെഡിക്കൽ ക്യാമ്പ്

1. അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ആരോഗ്യഘടകത്തിന്റെ മൂല്യം നിശ്ചയിക്കുന്നതിലേക്കായി ഗവൺമെന്റ് മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മെഡിക്കൽ ക്യാമ്പ് കർശനമായി **22.12.2017** നും **24.12.2017** നും ഇടയിൽ സംഘടിപ്പിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ ആരോഗ്യഘടകം സാധൂകരിക്കേണ്ടത് മെഡിക്കൽ ഓഫീസറാണ്. ഇതിന്റെ ചിലവ് പരമാവധി **30,000/-** രൂപ കുടുംബശ്രീ മിഷൻ അനുവദിക്കുന്നതായിരിക്കും. സിഡിഎസ് ചെയർപേഴ്സൺ തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങളുടെ സഹകരണത്തോടെയാകണം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.

### ബി. പദ്ധതി രൂപീകരണം

1. തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഓരോ കുടുംബങ്ങളുടെയും ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തിഗത പദ്ധതികൾ സിഡിഎസും, തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളും, ഉദ്യോഗസ്ഥരും സംയുക്തമായി തയ്യാറാക്കേണ്ടതാണ്. കുടുംബശ്രീ മെമ്പർ സെക്രട്ടറിമാർ പദ്ധതി രൂപീകരണത്തിൽ മുഴുവൻ സമയ മേൽനോട്ടം വഹിക്കേണ്ടതാണ്. ഇത്തരത്തിൽ എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടെ പദ്ധതികൾ തയ്യാറാക്കി ഓൺലൈൻ ആയി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. പദ്ധതി രേഖ തയ്യാറാക്കൽ കാലാവധി 26.12.2017 മുതൽ 25.01.2018 വരെയാണ്. അഗതി രഹിത കേരളം പദ്ധതി അംഗീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിലയിരുത്തൽ സമിതി യോഗം സംഘടിപ്പിക്കേണ്ടതാണ്.

സമിതി ശുപാർശ ചെയ്യുന്ന പദ്ധതിയുടെ അംഗീകാരത്തിനായി പ്രത്യേക കൗൺസിൽ യോഗം/കമ്മിറ്റി 27/01/2018 മുതൽ 31/01/2018 വരെയുള്ള കാലയളവിൽ ചേരേണ്ടതാണ്.

2.കൗൺസിൽ/കമ്മിറ്റി അംഗീകരിച്ച പദ്ധതിയുടെ പകർപ്പ് ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് എന്നിവയ്ക്ക് അറിവിലേയ്ക്കായി **31.01.2018** ന് മുൻപ് കൈമാറണം.

3. വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതി രേഖ തദ്ദേശ ഭരണ സ്ഥാപനം അംഗീകരിച്ച തീരുമാനവും ചേർത്ത് ഓൺലൈനായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് **31.01.2018** ന് മുമ്പ് സിഡിഎസ് ചെയർപേഴ്സൺ സമർപ്പിക്കേണ്ടതാണ്.

ലീന എൻ. പി.

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ